## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>പി.എം.ജി.എസ്.വൈ പദ്ധതിയുടെ വിശകലനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2949

21.06.2013 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം. |
|---|---|---|---|
| ശ്രീ.എം.ഹംസ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കേന്ദ്ര സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്നതിന് ജില്ലപഞ്ചായത്തുകൾ സമർപ്പിക്കുന്ന റോഡുകളുടെ മുൻഗണനാ പട്ടിക ക്രോഡീകരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (എസ്.എൽ.എസ്.സി)യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും അതനുസരിച്ച് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന് സമർപ്പിച്ച് അനുമതി നേടി എടുക്കുന്നു. |
| (ബി) | 2001 മുതൽ 2006 വരെ പ്രസ്തുത പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡുകൾ ഏറ്റെടുത്തു; അതിൽ എത്ര പൂർത്തീകരിച്ചു; പൂർത്തീകരിക്കാത്തത് എത്ര; കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | 2000-2001 മുതൽ 2005-2006 വരെ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 814.31 കി.മി ദൈർഘ്യം വരുന്ന റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 678.81 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. 97.44 കി.മീ ദൈർഘ്യം വരുന്ന റോഡുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ 62.79 കി.മി ദൈർഘ്യം വരുന്ന റോഡുകൾ വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടന്നിരുന്നു. 34.65 കി.മീ ദൈർഘ്യം വരുന്ന റോഡുകൾക്ക് കരാറുകാർ ടെണ്ടർ സമർപ്പിക്കാത്തതിനാൽ കരാർ ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കാലയളവിൽ ഏതെല്ലാം ഫേസുകൾ ഉൾപ്പെട്ടിരുന്നു; വിശദമാക്കാമോ; | (സി) | 2000-2001 മുതൽ 2005-2006 വരെയുള്ള കാലയളവിൽ ഫേസ് ഒന്ന് മുതൽ ആറ് വരെയാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (ഡി) | 2006 മുതൽ 2011 വരെ ഏതെല്ലാം ഫേസുകളിലായി എത്ര കിലോമീറ്റർ ദൂരം റോഡ് ഏറ്റെടുത്തു; അതിൽ ഏത്ര പൂർത്തീകരിച്ചു; എത്ര കിലോമീറ്റർ മുടങ്ങി കിടന്നു; കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (ഡി) | 2006-2007 മുതൽ 2011-12 വരെ ഫേസ് ആറ്, ഏഴ് എന്നീ രണ്ട് ഫേസുകളിലായി 1887.43 കി.മീ റോഡുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 983.14 കി.മീ റോഡുകളാണ് പൂർത്തീകരിച്ചിട്ടുണ്ട്. 507.20 കി.മീ. റോഡുകളാണ് വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നത്. 13.52 കി.മീ റോഡുകൾ വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്നു. 383.67 കി.മീ ദൈർഘ്യം വരുന്ന റോഡുകൾക്ക് കരാറുകാർ ടെണ്ടർ സമർപ്പിക്കാത്തതിനാൽ കരാർ ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. |
| (ഇ) | മുടങ്ങിക്കിടന്ന 375.00 കിലോമീറ്റർ റോഡ് നിർമ്മാണത്തിൽ എന്നാണ് സർക്കാർ ഫണ്ട് അനുവദിച്ചത്; ഉത്തരവും, തീയതിയും, തുകയും വ്യക്തമാക്കാമോ; | (ഇ) | കരാർ ഉറപ്പിക്കാൻ കഴിയാതെയും വിവിധ ഘട്ടങ്ങളിൽ മുടങ്ങിക്കിടന്നിരുന്ന റോഡുകൾ പുനരാരംഭിക്കുന്നതിന് അധിക സഹായം നൽകുന്നതിനായി 2013-14 സാമ്പത്തിക വർഷം 51.87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (എഫ്) | 2006-2011 കാലയളവിൽ എത്ര കിലോമീറ്റർ റോഡുകൾ പൂർത്തീകരിച്ചു; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ; | (എഫ്) | 2006 മുതൽ 2011 കാലയളവിൽ 983.14 കി.മീ റോഡുകളാണ് പൂർത്തീകരിച്ചത്. ഈ കാലയളവിൽ 431.92 കോടി രൂ ചെലവഴിച്ചിട്ടുണ്ട്. |
| (ജി) | 2011-12 ൽ പൂർത്തീകരിച്ച 124 കി.മീറ്റർ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ; എത്ര തുക അനുവദിച്ചു; | (ജി) | 2011-12 സാമ്പത്തിക വർഷം 214.143 കി.മീ ദൈർഘ്യം വരുന്ന 71റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ 200 കോടി രൂപ അനുവദിച്ചു. പൂർത്തീകരിച്ച റോഡുകളുടെ പേരു വിവരങ്ങൾ അനുബന്ധം-4 ആയി ചേർത്തിരിക്കുന്നു. |
| (എച്ച്) | 2012-13 ൽ എത്ര കിലോമീറ്റർ റോഡുകൾ പൂർത്തീകരിച്ചു; ഏതെല്ലാം; എത്ര തുക ചെലവഴിച്ചു; | (എച്ച്) | 2012-13 സാമ്പത്തിക വർഷം 108.70 കി.മീ ദൈർഘ്യം വരുന്ന 46 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ 57.293 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പൂർത്തീകരിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ഐ) | 2013-14 ൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡുകൾക്ക് കേന്ദ്രാനുമതി ലഭ്യമായി; ഏതെല്ലാം റോഡുകൾ; റോഡിന്റെ പേരും,തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരും പ്രസിദ്ധീകരി | (ഐ) | 2013-14 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 745.94 കി.മീ ദൈർഘ്യം വരുന്ന റോഡുകൾക്ക് കേന്ദ്രാനുമതി |

| | | | |
|---|---|---|---|
| | ക്കാമോ; | | ലഭിച്ചിട്ടുണ്ട്. റോഡിന്റെ പേര് വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ജെ) | പാലക്കാട് ജില്ലയിൽ നഷ്ടപ്പെട്ട റോഡുകൾ ഏതെല്ലാം; പകരം ഉൾപ്പെടുത്തപ്പെട്ട റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ജെ) | പാലക്കാട് ജില്ലയിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഡ്രോപ്പ് ചെയ്യുന്നതിനായി കേന്ദ്രസർക്കാരിൽ സമർപ്പിച്ച പ്രവർത്തികളുടെ പട്ടിക അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. പകരം റോഡിന്റെ പട്ടിക സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**